**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 971** **26-07-2021 - ൽ മറുപടിയ്ക്ക്**

**അദാനി പോർട്ട്സുമായുള്ള കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . ഷാഫി പറമ്പിൽ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം ഹാർബർ നിർമ്മാണത്തിനുള്ള പാറ ശേഖരിച്ച് കടൽമാർഗ്ഗം കൊണ്ടുപോകുന്നതിന് മുതലപ്പൊഴി തുറമുഖം ഉപയോഗപ്പെടുത്തുവാൻ അദാനി പോർട്ട്സുമായി കരാറിൽ ഏർപ്പെട്ടിരുന്നോ; | (എ) | ഉണ്ട്. അദാനി പോർട്ട്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി 10/04/18 തീയതിയിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. ധാരണാപത്രത്തിന്റെ കാലാവധി 09/04/21 വരെ (മൂന്ന് വർഷം) ആയിരുന്നു. തുടർന്ന് 08/04/2024 വരെ ധാരണാപത്രം പുതുക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ കരാറിന്റെ കാലാവധി എന്നുവരെയായിരുന്നുവെന്നും പ്രസ്തുത കരാർ പുതുക്കിയോ എന്നും അറിയിക്കുമോ; ഇല്ലെങ്കിൽ കരാർ പുതുക്കാതെ അദാനി പോർട്ട്സിന് പ്രവർത്തനങ്ങൾ തുടരാൻ കഴിയുന്നത് എങ്ങനെയെന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്. അദാനി പോർട്ട്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി 10/04/18 തീയതിയിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. ധാരണാപത്രത്തിന്റെ കാലാവധി 09/04/21 വരെ (മൂന്ന് വർഷം) ആയിരുന്നു. തുടർന്ന് 08/04/2024 വരെ ധാരണാപത്രം പുതുക്കിയിട്ടുണ്ട്. |
| (സി) | പാറകൊണ്ടുപോകാനുള്ള ബാർജ്ജുകളുടെ പ്രവേശനത്തിനായി പരിസ്ഥിതി ആഘാത പഠനം നടത്താതെ ബ്രേക്ക് വാട്ടറിന്റെ തെക്ക് ഭാഗത്തുള്ള പുലിമുട്ട് അദാനി കമ്പനി പൊളിച്ചു നീക്കിയിട്ടുണ്ടോ; ഇതിന് പ്രസ്തുത കമ്പനിക്ക് അനുമതി നൽകിയിരുന്നോ; വ്യക്തമാക്കുമോ; | (സി) | മെസ്സേഴ്സ് അദാനി പോർട്ട്സ് വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് ആവശ്യമായ പാറ കൊണ്ടുപോകുന്നതിനായി മുതലപ്പൊഴിയിൽ ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന്റെ ഭാഗമായി ധാരണാ പത്രം പ്രകാരം തെക്കുഭാഗത്തെ പുലിമുട്ടിന്റെ ഒരു ഭാഗം പൊളിച്ച് മാറ്റിയിരുന്നു. ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മാണത്തിന് 12/06/19 തീയതിയിൽ തീരദേശ പരിപാലന നിയമ പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. |
| (ഡി) | കരാറിലെ വ്യവസ്ഥകൾ ലംഘിച്ച് നടത്തുന്ന പ്രവർത്തനങ്ങളിലൂടെ മുതലപ്പൊഴി തുറമുഖ പ്രദേശത്ത് ഉടലെടുത്തിരിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ധാരണാപത്രത്തിലെ വ്യവസ്ഥകൾ ലംഘിച്ച് യാതൊരു പ്രവർത്തനങ്ങളും മുതലപ്പൊഴി തുറമുഖ പ്രദേശത്ത് നടക്കുന്നില്ല; മറിച്ച് മുതലപ്പൊഴിയിൽ ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന് മുന്നോടിയായി മെസ്സേഴ്സ് അദാനി പോർട്ട്സ്, ഹാർബർ മൗത്തിലും അപ്രോച്ച് ചാനലിലും കിടന്ന വലിയ പാറക്കല്ലുകൾ നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കുകയാണ് ഉണ്ടായത്. വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് ആവശ്യമായ കല്ല് മുതലപ്പൊഴി |

| | | | |
|---|---|---|---|
| | | | മത്സ്യബന്ധന തുറമുഖം വഴി കൊണ്ടു പോകുന്നതിനുള്ള ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിനും, ടി പ്രവൃത്തികൾക്കായി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം ഉപയോഗിക്കുന്ന കാലയളവിൽ തുറമുഖത്തിന്റെ അപ്രോച്ച് ചാനൽ, മൗത്ത്, ബേസിൻ, എന്നിവിടങ്ങളിൽ ആവശ്യമായ ആഴം നിലനിർത്തുന്നതിനും ധാരണാപത്രത്തിൽ വ്യവസ്ഥ ചെയ്യുന്നു. മുതലപ്പൊഴി തുറമുഖത്തിലെയും, അഴിമുഖത്തെയും പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചെന്നൈ നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ തെക്കേ പുലിമുട്ടിന്റെ ഭാഗത്ത് അടിഞ്ഞുകൂടുന്ന മണ്ണ്, തീരശോഷണം നടക്കുന്ന വടക്ക് ഭാഗത്ത്, സാൻഡ് ബൈപ്പാസിങ്ങ് ചെയ്യുന്നതിനുള്ള പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ